**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **06-12-2022 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ ഗ്രൂപ്പ് കമ്പനികളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെൽട്രോൺ ഗ്രൂപ്പ് കമ്പനികളിലെ വിവിധ യൂണിറ്റുകളിൽ അപ്രന്റീസ് ട്രെയികളായി നിയമിക്കുന്നവരെ ട്രെയിനിങ് കാലാവധി പൂർത്തിയാക്കുന്ന മുറക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നു എന്നതും, വിരമിച്ച ജീവനക്കാരെ വിവിധ പ്രൊജക്റ്റുകളുടെ പേരിൽ കൺസൾട്ടന്റ് / അഡ്വൈസർ മുതലായ തസ്തികകളിൽ പുനർനിയമിക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കെൽട്രോണിലെ വിവിധ യൂണിറ്റുകളിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. കെൽട്രോണിൽ നിന്നും വിരമിച്ച ഒരു യൂണിറ്റ് മേധാവിയെ ഒരു വർഷ കാലയളവിലേക്ക് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.**<br><br>**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഒരു വർഷത്തെ അപ്രന്റീസ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്നും അവരുടെ അപ്രന്റീസ് കാലയളവിലെ മികവു കൂടി വിലയിരുത്തി അതത് വകുപ്പ് മേധാവികൾ ശിപാർശ ചെയ്യുന്നവരെ വീണ്ടും ഇന്റർവ്യൂ ചെയ്ത് ദിവസവേതന അടിസ്ഥാനത്തിൽ കാഷ്വൽ പൂളിലേക്ക് ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ കാഷ്വൽ പൂളിൽ ഉൾപ്പെടുത്തിയ ജീവനക്കാരെ ഇവരുടെ സേവനം ആവശ്യമുള്ള ദിവസങ്ങളിൽ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്.**<br><br>**കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. വിരമിച്ച ജീവനക്കാരെയും പുനർ നിയമിച്ചിട്ടില്ല.** |
| (ബി) | അപ്രന്റീസ് ട്രെയിനികളായി നിയമിതരായ എത്ര ആളുകളെ തൽക്കാലിക തസ്തികകളിലും വിരമിച്ച എത്ര ജീവനക്കാരെ വിവിധ പ്രോജക്റ്റുകളുടെ പേരിലും പുനർ നിയമനം നടത്തിയിട്ടുണ്ടെന്നും ആരെയെല്ലാമാണ് മേൽപ്രകാരം പുനർ നിയമിച്ചിട്ടുള്ളത് എന്നുമുള്ള വിശദാംശം അറിയിക്കുമോ? | (ബി) | **കെൽട്രോണിലെ വിവിധ യൂണിറ്റുകളിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. കെൽട്രോണിൽ നിന്നും വിരമിച്ച ഒരു യൂണിറ്റ് മേധാവിയെ ഒരു വർഷ കാലയളവിലേക്ക് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.**<br><br>**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഒരു വർഷത്തെ അപ്രന്റീസ് ട്രെയിനിംഗ്** |

| | | | |
|---|---|---|---|
| | | | **വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്നും അവരുടെ അപ്രന്റീസ് കാലയളവിലെ മികവു കൂടി വിലയിരുത്തി അതത് വകുപ്പ് മേധാവികൾ ശിപാർശ ചെയ്യുന്നവരെ വീണ്ടും ഇന്റർവ്യൂ ചെയ്ത് ദിവസവേതന അടിസ്ഥാനത്തിൽ കാഷ്വൽ പൂളിലേക്ക് ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ കാഷ്വൽ പൂളിൽ ഉൾപ്പെടുത്തിയ ജീവനക്കാരെ ഇവരുടെ സേവനം ആവശ്യമുള്ള ദിവസങ്ങളിൽ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്.**<br><br>**കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നവരെ ട്രെയിനിംഗ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. വിരമിച്ച ജീവനക്കാരെയും പുനർ നിയമിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ